# Desabhimani

## 31 August 2018

## Kochi, After Flood, Rebuild Kerala, Private Buses

# 10,000 സ്വകാര്യ ബസുകൾ 3ന് നാട് പുനർനിർമിക്കാൻ ഓടും

- 3ന് ലഭിക്കുന്ന വരുമാനം ദുരിതാശ്വാസ നിധിയിലേക്ക്
- ടിക്കറ്റില്ല, പണം ബക്കറ്റിൽ ശേഖരിക്കും

**കൊച്ചി**

പ്രളയക്കെടുതിയിൽ നിന്നും നാടിനെ കൈപിടിച്ചുയർത്താൻ സംസ്ഥാനത്തെ സ്വകാര്യ ബസ് സർവീസും. മൂന്നിന് സംസ്ഥാനത്തെ പതിനായിരത്തോളം ബസുകളിൽ നിന്നും ലഭിക്കുന്ന ഒരു ദിവസത്തെ വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുമെന്ന് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇടുക്കി, കണ്ണൂർ, കാസർകോട് എന്നിവയൊഴികെ മറ്റെല്ലാ ജില്ലകളിലും ഫെഡറേഷന്റെ കീഴിൽ സർവീസ് നടത്തുന്ന ബസുകളാണ് ഫണ്ട് ശേഖരിക്കുക. അന്ന് ടിക്കറ്റ് നൽകാതെയായിരിക്കും സർവീസ് നടത്തുക. യാത്രക്കാരുടെ കൈയിൽനിന്ന് പണം ബക്കറ്റിൽ ശേഖരിക്കും. ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറും. ഈ ദിവസം വിദ്യാർഥികൾ കൺസഷൻ ഒഴിവാക്കി കൂടുതൽ തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകി സഹായിക്കണമെന്നും ഭാരവാഹികൾ അഭ്യർഥിച്ചു.

കഴിഞ്ഞ ദിവസം കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്നും ഇതേ മാതൃകയിൽ പണം ശേഖരിച്ചിരുന്നു. അതിനാലാണ് ഈ ജില്ലകളെ ഒഴിവാക്കിയത്. റോഡുകൾ പൂർവസ്ഥിതിയിൽ എത്താത്തത് മൂലം സർവീസ് നടത്താൻ കഴിയാത്തതിനാലാണ് ഇടുക്കിയെ ഒഴിവാക്കിയത്. ഇടുക്കിയിൽ 162 ബസുകൾ സർവീസ് നടത്താനാകാതെ കയറ്റിയിട്ടിരിക്കുയാണ്. റോഡുകൾ പൂർവ സ്ഥിതിയിലാകണമെങ്കിൽ രണ്ട് മാസമെടുക്കും.

ആലുവ, പറവൂർ മേഖലയിലെ പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് രക്ഷപ്പെടുത്തിയ ആളുകളെയും കയറ്റിപ്പോകുന്നതിനിടെ വെള്ളം കയറി നിരവധി ബസുകൾക്ക് കേട് പറ്റി. ഡീസൽ വില വർധനവിലും റോഡുകളുടെ ശോച്യാവസ്ഥയിലും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിലും ദുരിതമനുഭവിക്കുന്ന സഹോദരങ്ങളെ പുനരധിവസിപ്പിക്കേണ്ട ചുമതലയിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് നെൽസൺ മാത്യു, സെക്രട്ടറി കെ ബി സുനീർ എന്നിവർ പറഞ്ഞു.